മലബാർ കാൻസർ സെന്റർ, തലശ്ശേരി

# നേതി

ഒരു ആന്റി ടുബാക്കോ സെൽ പ്രസിദ്ധീകരണം

വാല്യം 17



നേതിയുടെ പിന്നണിയിൽ

ചീഫ് എഡിറ്റർ : ഡോ. സതീശൻ ബാലസുബ്രഹ്മണ്യൻ

പത്രാധിപസമിതി : ഡോ. ഫിൻസ് എം. ഫിലിപ്പ്, ഡോ. എ.പി.നീതു, ഡോ. വി.രാമചന്ദ്രൻ
ശ്രീ. ചാലക്കര പുരുഷു, ശ്രീ. പ്രദീപ് ടി.സി., ശ്രീ. ദയാനന്ദൻ മാസ്റ്റർ



ഡോ.സതീശൻ ബാലസുബ്രഹ്മണ്യൻ
ഡയറക്ടർ, മലബാർ കാൻസർ സെന്റർ

## മുഖവരി

കോവിഡ് മഹാമാരി തീർത്ത ഏകാന്തതയും ഭയവും മറികടന്ന് വീണ്ടുമൊരു അധ്യയനവർഷം വന്നെത്തിയിരിക്കുന്നു. വിദ്യാർത്ഥികളില്ലാതെ വിരസമായി കിടന്ന വിദ്യാലയമുറ്റങ്ങൾ ഇന്ന് അവരുടെ കാലടികളാൽ മുഖരിതമാണ്. വിജ്ഞാനത്തോടൊപ്പം കായിക, സർഗ്ഗശേഷി വികസിപ്പിക്കുന്നതിനും വിദ്യാലയങ്ങളിൽ ഇടം ഉണ്ടാവണം. സർഗ്ഗാത്മകതയ്ക്ക് വിലങ്ങ് തടിയാകുന്ന, കായിക ശേഷി നശിപ്പിക്കുന്ന, പഠനപ്രവർത്തനങ്ങൾക്ക് വിഘാതമാകുന്ന ലഹരി ഉപയോഗം ഇനി നമ്മുടെ വിദ്യാലയങ്ങളിൽ കടന്നുവരാതിരിക്കാൻ നമുക്ക് ജാഗരൂകരായിരിക്കാം. അതോടൊപ്പം അറിഞ്ഞിരിക്കേണ്ട മറ്റൊരു പ്രധാനവസ്തുത പുകയില അടക്കമുള്ള ലഹരിവസ്തുക്കൾ നമ്മുടെ പ്രകൃതിയ്ക്ക് ഏൽപ്പിക്കുന്ന ആഘാതത്തെക്കുറിച്ചാണ്. ഈ വർഷത്തെ ലോക പുകയില വിരുദ്ധ ദിനസന്ദേശമായി ലോകാരോഗ്യ സംഘടന നമ്മെ ഓർമ്മിപ്പിക്കുന്നതും ഇതു തന്നെയാണ്. പുകയില ഉൽപ്പന്നങ്ങളാൽ മലിനമാക്കപ്പെടുന്ന നമ്മുടെ പരിസ്ഥിതിയെക്കുറിച്ചുള്ള ആശങ്ക സ്ഥിരീകരിക്കുന്ന കണക്കുകൾ ആണ് പുറത്ത് വരുന്നത്. പുകയില, സിഗരറ്റായി ഉപയോഗിച്ച് തീരുന്നതു വരെയുള്ള ജീവിത ചക്രത്തിൽ വിവിധ രീതികളിൽ പ്രകൃതിക്ക് ദോഷം ഉണ്ടാകുന്നു. ചില കണക്കുകൾ നമ്മെ ഭയപ്പെടുത്തുന്നു. സിഗരറ്റും മറ്റ് പുകയില ഉൽപ്പന്നങ്ങളും തയ്യാറാക്കുന്നതിന് 60 കോടി മരങ്ങൾ മുറിക്കുന്നുണ്ട് ലോകത്തിൽ ഓരോ വർഷവും... കൂടാതെ രണ്ട് ലക്ഷം ഹെക്ടർ ഭൂമിയും ഇരുപത്തിരണ്ട് ബില്യൺ ടൺ ജലവും ഉപയോഗിക്കുകയും 84 ദശലക്ഷം ടൺ കാർബൺഡൈ ഓക് സൈഡ് പുറത്തുവിടുകയും ചെയ്യുന്നു. ഇതിനെല്ലാം പുറമെ എട്ട് ദശലക്ഷം മനുഷ്യരുടെ മരണത്തിനും പുകയില വ്യവസായം കാരണമാകുന്നു. പുകയില കൃഷിയുടെ സിംഹഭാഗവും വികസ്വര രാജ്യങ്ങളിലാണ് നടക്കുന്നത്. ഭക്ഷ്യവസ് തുക്കളുടെ ഉൽപാദനത്തിനായി ആവശ്യത്തിന് സ്ഥലവും ജലവും ഇല്ലാത്ത ഈ രാഷ്ട്രങ്ങളിൽ പുകയില കൃഷിയ്ക്കായി ഈ വിഭവ സ്രോതസ്സുകൾ വിനിയോഗിക്കുന്നത് ആ രാജ്യങ്ങളുടെ ഭക്ഷ്യസുരക്ഷയെ വരെ അപകടത്തിലാക്കിയേക്കാം. സിഗരറ്റ് ഭൂമിയെ എങ്ങനെ മലിനമാക്കുന്നു എന്നതിന്റെ മറ്റൊരു ഉദാഹരണമാണ് അലക്ഷ്യമായി വലിച്ചെറിയുന്ന സിഗരറ്റ് കുറ്റികൾ. പ്രതിവർഷം നാലര ലക്ഷം കോടി സിഗരറ്റ് കുറ്റികൾ ആണ് നമ്മുടെ പ്രകൃതിയെ മലിനപ്പെടുത്തുന്നത്.

മുകളിൽ പറഞ്ഞ കണക്കുകൾ ഓരോന്നും നമ്മെ ആശങ്കപ്പെടുത്തുന്നുവെങ്കിലും അവയിൽ അതിശയോക്തി തെല്ലും ഇല്ല എന്നത് നാം മനസ്സിലാക്കണം. ഈ പുതിയ അധ്യയന വർഷം നാം ഓരോരുത്തരും നമ്മുടെ ആരോഗ്യത്തെയും ഭൂമിയുടെ ആരോഗ്യത്തെയും സംരക്ഷിക്കുമെന്ന് പ്രതിജ്ഞ എടുക്കാം.

## അയാൾ

അശ്വനി കെ, ഗവ. വി.എച്ച്.എസ്.എസ്.കതിരൂർ

അയാളൊരു നല്ല മനുഷ്യനായിരുന്നു....
കെട്ട്യോളുടെ താലി അറുത്തും
പിള്ളേരുടെ പുസ്തകം പെറുക്കി വിറ്റും
കനല് മോന്തും വരേയും
അയാളൊരു നല്ല മനുഷ്യനായിരുന്നു...
നുരഞ്ഞ് പൊന്തിയും, ചുട്ടെരിച്ചും
കാർന്ന് തിന്നും ഇറങ്ങി പോയവയെല്ലാം
കവിള് പൊള്ളിച്ച് ഒലിച്ചിറങ്ങിയ
പകലുകളോളവും
കുരല് പൊട്ടിയും, രക്തം ചവച്ചും
തറയിലണുങ്ങാർക്കും ദ്രവത്തിൽ
കരള് പിളർന്നും മറയുന്ന രാത്രികളോളവും
അയാൾ ഒരു നല്ല മനുഷ്യനായിരുന്നു....
പുലരും മുമ്പൊരു സൂര്യന്റെ തലതച്ചുടച്ചും
കൂടപിറപ്പിനെവലിച്ച് ചിന്തിയും,
പ്രണയം പറഞ്ഞവളെ കൊന്ന് തിന്നും,
പ്രാണൻ പകുത്തവനെഞെരിച്ചൊടുക്കിയും
പെറ്റമ്മയെ നെഞ്ച് കീറിയും
മുറിയിലൊരു ഫാനിന്റെ ചോട്ടിൽ
കയറിലാടൽവരേയും
അയാളൊരു നല്ല മനുഷ്യനായിരുന്നു...
നനുത്ത മഴക്കാല രാവിൽ,
ഒരട്ടി മണ്ണിനെപിളർന്ന് കിളച്ച് പൊന്തിയ
വെളുത്ത പൂവ് മെല്ലെയൊരു കാറ്റിനോടോതി
ജീവദ്രവത്തിൻ അവസാനകണികയും
വിഷം, വിഷം എന്നാർക്കും വരേയും
അയാളൊരു നല്ല മനുഷ്യനായിരുന്നു...



## ഒരു വരത്തന്റെ കഥ



ഡോ. ഫിൻസ് എം. ഫിലിപ്പ്
കമ്മ്യൂണിറ്റി ഓങ്കോളജി വിഭാഗം,
മലബാർ കാൻസർ സെന്റർ, തലശ്ശേരി

പുറം നാട്ടിൽ നിന്ന് വന്ന് താമസിക്കുന്ന അന്യരായ വ്യക്തികളെ പ്രദേശവാസികൾ 'വരത്തന്മാർ' എന്ന് വിളിക്കാറുണ്ട്. പലപ്പോഴും അവർ ആ നാടിന്റെ ഇഷ്ടം പിടിച്ചുപറ്റുകയും അവരിൽ ഒരാളായി തുടരുകയും ചെയ്യും. എന്നാൽ ചുരുക്കം ചില സന്ദർഭങ്ങളിൽ ചില വരത്തന്മാർ ആ നാടിന് തന്നെ ഭീഷണിയാവുകയും ചെയ്യാറുണ്ട്. അത്തരത്തിൽ ഒരു വരത്തനെക്കുറിച്ചാണ് ഇവിടെ പറയാൻ പോകുന്നത്.

നമ്മുടെ കഥയിലെ വരത്തൻ ഏതായാലും ഒരു മനുഷ്യൻ അല്ല. നാട് കുറേ ദൂരെയാണ് താനും. കടൽ കടന്ന് വേണം അവിടെ എത്താൻ. ശരിക്കും പറഞ്ഞാൽ ദക്ഷിണ അമേരിക്കയാണ് ഈ വരത്തന്റെ ജന്മനാട്. സ്വന്തം നാടിൽ അൽപം പൂജയും ചികിത്സയുമൊക്കെയായി, എല്ലാവരുടെയും കണ്ണിലുണ്ണിയായി കഴിയുന്ന സമയത്താണ് കുറച്ച് യൂറോപ്യൻ നാവികർ വഴിതെറ്റി അവിടെ എത്തുന്നത്. അതോടെ നമ്മുടെ കഥാനായകന്റെ തലവരയും മാറി. പതിനാലാം നൂറ്റാണ്ടിന്റെ അവസാനപാദത്തിൽ യൂറോപ്പിൽ എത്തിയതിന് ശേഷം ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നമ്മുടെ കഥാനായകൻ തന്റെ സാന്നിദ്ധ്യം അറിയിക്കുക മാത്രമല്ല, ആ നാടുകളിലെ സാമൂഹിക, രാഷ്ട്രീയ, സാമ്പത്തിക മണ്ഡലങ്ങളിൽ തന്റെ സ്വാധീനം ചെലുത്തുകയും ചെയ്തു. ഇന്ത്യയിൽ ആദ്യമായി വരുന്നത് പതിനേഴാം നൂറ്റാണ്ടിലാണ്. കാലം മുന്നോട്ട് പോയി, എല്ലാവരുമായും നീണ്ടുനിൽക്കുന്ന സൗഹൃദം സ്ഥാപിച്ച് നമ്മുടെ വരത്തൻ നാട്ടുകാരനായി മാറി. ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ തന്നെ ചില ആളുകൾക്ക് വരത്തന്റെ സൗഹൃദം അപകടം വരുത്തിവെയ്ക്കുമെന്ന് തോന്നലുണ്ടായി. അവർ അത് മറ്റുള്ളവരോട് പങ്കുവെയ്ക്കുകയും ചെയ്തു. പല ഡോക്ടർമാരും വരത്തൻ പ്രശ്നക്കാരനാണ് എന്ന് അടക്കം പറഞ്ഞുതുടങ്ങി. എങ്കിലും അവർക്കാർക്കും അത് ഉറക്കെ പറയാനുള്ള ഒരു ധൈര്യം ഉണ്ടായിരുന്നില്ല. ആ കാലഘട്ടത്തിൽ വരത്തൻ വഴി നിരവധി ആളുകൾ വലിയ ധനികരായി തീർന്നിട്ടുണ്ടായിരുന്നു അവർ ശക്തരായിരുന്നു. കൂടാതെ വരത്തന്റെ സൗഹദം ഒരിക്കലെങ്കിലും തേടിയിട്ടില്ലാവർ വളരെ വിരളമായിരുന്നു. കാര്യങ്ങൾ ഇങ്ങനെ ആണെങ്കിലും സത്യം ഏറെനാൾ മൂടിവെയ്ക്കാൻ കഴിയില്ലല്ലോ. തെളിവുകൾ പുറത്തുവന്നുകൊണ്ടേയിരുന്നു. വരത്തൻ ചതിയനാണ്. കൊലപാതകിയാണ്. എന്നൊക്കെ ആരോപണങ്ങൾ ഉയർന്നു. വരത്തന്റെ കൂട്ടുകാരും മറ്റുള്ളവരും തമ്മിൽ സംഘർഷം നിത്യസംഭവമായി. അങ്ങനെടുവിൽ ആ ദിവസം വന്നെത്തി. വരത്തന് എതിരെയുള്ള ആരോപണങ്ങൾ എല്ലാം തലനാരിഴ കീറി പരിശോധിച്ചു. 1964 ജനുവരി 11ന് വരത്തൻ പ്രശ്നക്കാരൻ ആണെന്ന് സംശയങ്ങൾക്ക് ഇടയില്ലാത്തവിധം അമേരിക്കയിലെ സർജൻ ജനറൽ തന്റെ റിപ്പോർട്ടിലൂടെ പ്രസ്താവിച്ചു. വരത്തന്റെ ജീവിതത്തിലെ ഏറ്റവും ദുഃഖകരമായ ദിനം. ഇനി അറിയണ്ടേ ആരാണീ വരത്തൻ എന്ന്? ആളുകൾ ചവച്ചുതുപ്പിയും വലിച്ചും നടക്കുന്ന 'പുകയിലയാണ് നമ്മുടെ കഥാ നായകനായ വരത്തൻ. ഇനി നമ്മുടെ വരത്തന്റെ ചെയ്തികൾ എന്തൊക്കെയാണെന്ന് നോക്കാം. പുകവലിക്കുന്നവരിൽ ശ്വാസകോശം, വായ, തൊണ്ട, സ്വനപേടകം, മൂത്രാശയസഞ്ചി തുടങ്ങി ശരീരത്തിലെ എല്ലാ അവയവങ്ങളിലും അർബുദം വരുവാൻ സാധ്യത ഉണ്ട്. ശ്വാസകോശാർബുദ രോഗികളിൽ 90% വും പുകവലിശീലം ഉള്ളവരാണ്. അതുപോലെ വായിലെ അർബുദ രോഗികളിൽ 90%വും പുകവലി, വെറ്റിലമുറുക്ക്, മദ്യപാനശീലം എന്നിവ ഉള്ളവരാണ്.

ശ്വാസകോശത്തിൽ കാൻസർ മാത്രമല്ല, മറ്റു ദീർഘകാല ശ്വാസകോശരോഗങ്ങൾക്കും പുകവലി കാരണമാകുന്നു. പുകയില മൂലം ഉണ്ടാകുന്ന മറ്റ് ദീർഘകാല രോഗങ്ങൾ ഇവയാണ്. ഹൃദയ രക്തധമനീ

ശേഷം 2ൽ



## ലഹരിയെന്ന കനൽ

അനുശ്രീ പി.
ബിഇഎംപി എച്ച്എസ്എസ്

ചിന്തകൾ തീഗോളമായി ചിതറിത്തെറിക്കുമ്പോൾ
പിടയുന്നു പ്രാണന്റെ ആത്മവായു
ജീവിതവേദിയിൽ ആടിഞാൻ ഉരുകുമ്പോൾ
അറിയാതെ സാന്ത്വനം തേടിയലയും
എവിടെയെന്നറിയില്ല എന്തിനെന്നറിയില്ല
തേടുകയാണെന്റെ ചുടുശ്വാസവും

വഴിവിളക്കിന്റെ അരണ്ട വെളിച്ചത്തിൽ
ഞാൻ അയാളെ കണ്ടു
ജീവിതം തീച്ചൂളയിൽ വേവുമ്പോഴും
ഒന്നും നടക്കാത്ത ഭാവത്തിൽ
മരവിച്ചപുഞ്ചിരി ചുണ്ടിലുണ്ട്

എന്തേ ഇതുപോലെ എനിക്കും ചിരിച്ചൂടെ?
പതിയെ ഞാൻ സ്വപ്നമെൻ കയ്യിലടക്കി
എരിയുന്ന ചങ്കിലെ കനലുകളെ മഞ്ഞിൻ
വെളുത്തപുക ശാന്തമാക്കി
അടരുവാൻ വയ്യ നിൻ മേഘങ്ങളിൽ
നിന്നെനിക്കേതു സ്വർഗ്ഗം വിളിച്ചാലും
സ്വാർത്ഥമാം ലോകത്തെ മങ്ങിയ കാഴ്ചയായ്
ഞാനെന്റെ കൺകളിൽ കണ്ടുനിന്നു
ചങ്കിലെ കനൽ ഉറഞ്ഞടങ്ങിയെന്നാലും
സിരയിലും ശിരസ്സിലും തീജ്വാലയൊഴുകി
വൈകിഞാൻ സത്യത്തെ കണ്ടുവെന്നാലും
വൈകില്ല മരണമെന്നരികിലെത്താൻ.




Nandhana M Nambiar, X - Amrta Vidyalayam




Sutheerth A
X -GHSS Aroli

# തീക്കനൽ

ആരുമില്ലാതിരിക്കുമീ നേരത്തുമെൻ
ആർദ്രമാം കൈവിരൽ തുമ്പിലൂടെ
ഉന്മാദകനായി നാഡിയിൽ രസമുകുളങ്ങളായി
മനസ്സിനെഭ്രമിപ്പിക്കും തോഴനോ നീ
അതോ, സഹവർത്തിതൻ വാക്കിലെ
ദൂതനായി എന്നെ വിളിക്കുവാൻ വന്നതോ
ആദ്യമായി നിന്നെ കാണുന്ന വേളയിൽ
പള്ളിമണിനാദം എൻ കാതിൽ ഗ്രഹിച്ചു
നിൻ കനൽ എൻ നെഞ്ചോടുചേരുന്നനേരത്ത്
വാനിൽ എൻ സ്വപ്നനീരദം തീർത്തുഞാൻ
നിൻഗാത്രം എൻ നിണം ചുംബിച്ച നേരം
ഏരിയുന്ന കനലിൻ ധൂളിയെൻ ഹൃത്തിൽ
നിൻ സ്പർശനത്തിൽ അറിഞ്ഞതില്ല ഞാൻ
പ്രകൃതിതൻ മർമ്മരവും അമ്മതൻ സ്നേഹവും
ഈ ജന്മത്തിൽ എൻ പ്രണയ സഖിയായി നീ
എന്നിൽ ഞാനായി അലിഞ്ഞുചേർന്നു
നിൻ അക്ഷികൾ അനന്തമാം ഇരുളിൻ
വിഹായസ്സിൽ മറയുന്ന നേരത്ത്
ഭ്രാന്തമാം വൃഷ്ടിയിൽ സ്തിമിതം നിന്നു ഞാൻ
ക്രൂരമായി ചുറ്റും ദർശിച്ചുപോയി ഞാൻ
ഇന്നു ഞാൻ അറിയുന്നു നിൻ സത്യരൂപം
മരണക്കിടക്കയിൽ ഓർക്കുന്നു മൗനമായി
നിൻ ഗന്ധമിന്നു ദുർഗന്ധമാകുന്നു
എൻ ഞരമ്പിനെരണ്ടായി പിളർക്കുന്നു.
ഈ അസഹ്യമാം വേദനയിലും
മന്ദഹസിക്കുന്നു നീ പിശാചെന്നപോൽ
തായ്മൊഴി എന്നിൽ അമൃതായി നിറയുന്നു
എങ്കിലും നീ അതിൽ വിഷം നിറയ്ക്കുന്നു
അറിയണം ഓർക്കണം ഈ ഇരുട്ടിനെ
ലഹരിയെന്ന ഉന്മാദകവാഹകനെ
ഉന്മൂലനം ചെയ്യണം നന്മയ്ക്ക് വേണ്ടി
മണ്ണോടുചേർക്കണം ഈ തീക്കനൽ
എൻ ഹൃത്തിലുണരുന്നു ഒരു തളർസ്വപ്നം
ശുഭപ്രതീക്ഷതൻ തിരമാലകൾ
അസ്തമിക്കും നിൻ അട്ടഹാസം
ഉദിക്കും നിൻ അന്ത്യനിമിഷങ്ങൾ...

സ്നേഹ ടി.ഇ.
ജിഎച്ച്എസ്എസ്
ചെറുകുന്ന്





അമയ കെ.
ഡോ.ഗോപാലൻ സ്മാരക
ജിഎച്ച്എസ്എസ്, കല്ല്യാശ്ശേരി

# എന്തിനീ ജീവിതം ബാക്കിയായി.

മാവിൻ തോപ്പിൽ നിന്നും ഒരു തണുത്ത കാറ്റ് വന്ന് അവളെ പുതച്ചപ്പോൾ അവളറിയാതെ മെല്ലെ മയങ്ങിപ്പോയി. 'നിക്കൂ.. നിക്കൂ... നിയെന്താ കളിക്കാതെ ഇങ്ങനെ കിടക്കുന്നേ എണിക്ക് വാ കളിക്കാലോ?'

'ഇല്ലെടി.. ഞാനില്ല...' 'അതെന്താ വന്നാല്' 'എനിക്ക് വല്ലാത്ത ക്ഷീണം. അതോണ്ടാ' 'നിക്കൂ.. നീ ഇന്നലെ ഉറങ്ങിയില്ലേ..' 'ഇല്ല. എത്രയോ നാളുകളായി എന്റെ ഉറക്കം നഷ്ടമായിട്ട്. പലരാത്രികളിലും എനിക്ക് പേടിയാ..' 'പേടിയോ..' 'അതേ എനിക്കെന്റെ അച്ഛനെപേടിയാ.... കള്ളുകുടിച്ച് വന്ന് എന്നെയും അമ്മയേയും ഉപദ്രവിക്കും. ഞാൻ പഠിച്ചോണ്ട് നിൽക്കുമ്പോ വന്ന് ബുക്ക് കീറിക്കളയും... അമ്മയെ ബീഡിക്കുറ്റിക്കൊണ്ട് പൊള്ളിക്കും. പക്ഷേ പണ്ട് അച്ഛൻ ഇങ്ങനെയൊന്നും അല്ലായിരുന്നു. അച്ഛൻ കടം വാങ്ങി ഒരു വ്യവസായം തുടങ്ങി. വ്യവസായം നല്ല രീതിയിലാണ് തുടങ്ങിയത്. അവസാനം അച്ഛന്റെ സഹായിയായി ഉണ്ടായിരുന്ന ആൾ അച്ഛനെ പറ്റിച്ച് പണവും കൊണ്ട് മുങ്ങി. അതോടെ കടക്കാര് ആകെ രോഷാകൂലരായി. അച്ഛൻ അങ്ങനെ വീടുവിറ്റു. എന്നിട്ടും കടത്തിന്റെ ഒരംശം മാത്രമേ വീട്ടാൻ കഴിഞ്ഞുള്ളൂ. അതിൽപ്പിന്നെയാണ് അച്ഛൻ ഇങ്ങനെ തളർന്നത്. പിന്നെ മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും വഴി സ്വീകരിച്ചു. അമ്മ പണിചെയ്തുണ്ടാക്കുന്ന പണം അമ്മയിൽ നിന്നും കയ്യേറ്റം ചെയ്ത് വാങ്ങിച്ച് അച്ഛൻ കുടിക്കും. അച്ഛൻ എന്നെ സ്നേഹത്തോടെ 'മോളേ' എന്ന് വിളിച്ചിട്ട് പോലും നാളുകളേറെയായി. ഞങ്ങൾ ഇപ്പോ നിൽക്കുന്നത് പോലും ഒരു ചെറ്റകുടിലിലാ. കാറ്റോ മഴയോ വന്നാൽ പേടിയാ. വീട്ടിൽ വന്ന് കടക്കാർ ബഹളമുണ്ടാക്കും. അച്ഛനെ കാണുന്നതുപോലും എനിക്ക് പേടിയാ... അച്ഛൻ വരുമ്പോ ഓടി ഒളിക്കും. എനിക്ക് അച്ഛനെ പേടിയാ.. ഇത്രയും പറഞ്ഞവൾ പൊട്ടിക്കരഞ്ഞു. സ്കൂൾ വിട്ട് വീട്ടിൽ ചെന്നപ്പോഴാണ് അവൾ അറിഞ്ഞത് അച്ഛന് കടം കൊടുത്ത ആൾ വീട്ടിൽ വന്ന് അമ്മയോട് തീർത്തും മോശമായ രീതിയിൽ പെരുമാറിയിരുന്നു എന്നത്. അമ്മയ്ക്ക് തന്നോടു തന്നെയുള്ള വെറുപ്പ് കൊണ്ട് ഇന്ന് അവർ തന്റെ മകളുടെ മുഖത്തോട്ടു നോക്കാൻ തല പൊക്കിയില്ല. പതിവിനേക്കാൾ നേരത്തെ അതായത് അച്ഛൻ വീട്ടിലെത്തുന്നതിന് മുമ്പേ അവൾ ഭക്ഷണം കഴിച്ചുകിടന്നു. എന്നാൽ പതിവുപോലെ ആ അമ്മയും മകളും എണിറ്റില്ല. എത്രയോ നാളത്തെ ഉറക്കമില്ലായ്മയിൽ നിന്ന് നീണ്ടു കിടക്കുന്ന ഉറക്കത്തിലേക്ക് അവർ രണ്ട് പേരും നടന്ന് കുറച്ച് ദൂരം പിന്നിട്ടിരിക്കുന്നു. രാവിലെ എണിറ്റ അവളുടെ അച്ഛൻ അവളുടെ അമ്മയെ ചവിട്ടി. പക്ഷേ! ഒരനക്കവുമുണ്ടായില്ല. പിന്നെ അവളെയും മുട്ടി നോക്കി. രണ്ടാളുടെയും ചേതനയറ്റ ശരീരം കണ്ട് അയാൾ ആകെ ഞെട്ടിതിരിച്ചുപോയി. എന്തുപറ്റിയെന്നറിയാതെ അയാൾ പരിഭ്രാന്തിയിലായി. തുടർന്ന് പുറത്തു പോയി അലറി വിളിച്ചു. പക്ഷേ, ആരും അവിടെ വന്നില്ല. ദിവസവുമുള്ള അയാളുടെ അലർച്ച കേൾക്കുന്നതിനാൽ ആരും അവിടെ എത്തിയിരുന്നില്ല. അയാൾ അവിടെ തികച്ചും ഒറ്റക്കായതുപോലെ തോന്നി. തികച്ചും ഏകാന്തത. പ്രകൃതിയുടെ നടുവിൽ അയാൾ നിശ്ചലനായി. ജീവിതം അയാൾ തിരിച്ചറിഞ്ഞു. പക്ഷേ, ആ തിരിച്ചറിവ് ഒന്നിനും ഒരു പരിഹാരമല്ല. ഇന്ന് തന്നെ വിട്ട് തന്റെ ഭാര്യയും മകളും ദൂരെക്ക് പോയിരിക്കുന്നു. ഇനി ഒരിക്കലും കാണാൻ കഴിയാത്തത്ര ദൂരത്തിൽ. ആർക്കുവേണ്ടിയാണിനി ഈ ജീവിതം ഇത്രയും ചിന്തിച്ച് അയാൾ അവിടെ അടിപതറി വീണു. അവിടെ കിടന്ന് അയാൾ പലതും പിറുപിറുത്തു. പൊട്ടിക്കരഞ്ഞു. തികച്ചും ഭ്രാന്തനെപ്പോലെ...

# ഒരു വരത്തന്റെ കഥ

1-ാം പേജിലെ തുടർച്ച

രോഗങ്ങൾ, പക്ഷാഘാതം, ആസ്ത്മ, ടി.ബി, വിട്ടുമാറാത്ത ചുമ, തിമിരം, പ്രത്യുൽപാദന ശേഷി കുറവ്, ഗർഭധാരണത്തിനുണ്ടാകുന്ന താമസം, എല്ലുകളുടെ ബലക്കുറവ്, പുകയില ശീലങ്ങൾ ഗർഭസ്ഥ ശിശുവിനുണ്ടാകുന്ന പ്രശ്നങ്ങൾ ഗുരുതരമാണ്. തൂക്കക്കുറവ്, പ്രായം തികയാതെ ജനിക്കുക, ശ്വാസകോശ പ്രവർത്തനങ്ങളിൽ തടസ്സം ഉണ്ടാവുക മുതലായവ അവയിൽ ചിലത് മാത്രം.


ഈ ദീർഘകാല പ്രശ്നങ്ങൾക്ക് പുറമെ പല ഹ്രസ്വകാല മാറ്റങ്ങൾ കൂടി പുകയില ശീലം വഴി വന്നു ചേരാം. ഹൃദയമിടിപ്പിന്റെ തോത് വർദ്ധിക്കുക, രക്തസമ്മർദ്ദം ഉയരുക, രക്തകുഴലുകൾ ചുരുങ്ങുക, മോണവീക്കം, രുചിയും, മണവും തിരിച്ചറിയാനുള്ള ശേഷി നഷ്ടപ്പെടുക തുടങ്ങിയവ ഈ ഗണത്തിൽപെടും.

ഈ പ്രശ്നങ്ങൾ ഒഴിവാക്കുവാൻ നമുക്ക് ഈ ശീലങ്ങൾ തുടങ്ങാതിരിക്കാം. തുടങ്ങിയവർ അത് നിർത്താൻ ശാസ്ത്രീയ പുകയില വർജ്ജന ചികിത്സ തേടേണ്ടതാണ്. മലബാർ കാൻസർ സെന്ററിൽ എല്ലാ ബുധനാഴ്ച ദിവസവും പുകയില വർജ്ജന ക്ലിനിക്ക് പ്രവർത്തിക്കുന്നുണ്ട്. വരത്തന്റെ സൗഹൃദം ഒഴിവാക്കേണ്ടവർക്ക് ഈ സൗകര്യം പ്രയോജനപ്പെടുത്താവുന്നതാണ്. ആരോഗ്യകരമായ നല്ല ദിനങ്ങൾ അതുവഴി നമുക്ക് ഉറപ്പാക്കാം.

പുകയിലയുടെയും മറ്റ് ലഹരി വസ്തുക്കളുടെയും പിടിയിൽ അകപ്പെടാതെ മുന്നോട്ട് പോകുവാൻ നാമോരോരുത്തർക്കും സാധിക്കണം. അതിലേറെ, മറ്റുള്ളവർക്ക് വഴികാട്ടുവാനും നാം പരിശ്രമിക്കണം. കാരണം ഈ വരത്തൻ ഇന്ന് 26.7 കോടി ഇന്ത്യക്കാരുടെ ജീവിതത്തിന്റെ ഭാഗമാണ്. ഈ സംഖ്യയിൽ ഗണ്യമായ കുറവ് വരുത്തുക എന്നതാവണം രാജ്യത്തിന്റെ യശസ്സും അഭിവൃദ്ധിയും കൊതിക്കുന്ന ഓരോ ഇന്ത്യക്കാരന്റെയും ലക്ഷ്യം. നമുക്ക് ഒന്നായി അതിനായി പരിശ്രമിക്കാം.

# ചിറകൊടിഞ്ഞ ജീവിതങ്ങൾ

നിറമുള്ള ജീവിത സ്വപ്നങ്ങൾ
ചിറകടിച്ചു പറന്നുയരുമ്പോൾ
ലഹരിതൻ മായാവലയങ്ങളിൽ
കുടുങ്ങി ചിറകൊടിഞ്ഞു വീഴുന്ന ജന്മങ്ങൾ
മൂന്നക്ഷരമാം ലഹരിയിൽ
നീന്തിതുടിക്കുന്ന മർത്യരേ....
ഇന്നെവിടെനിൻ ജീവിത മാധുര്യം
ഇന്നെവിടെനിൻ ജീവിത സ്വപ്നങ്ങൾ
സ്വപ്നങ്ങളില്ല, ലക്ഷ്യങ്ങളില്ല
ലഹരിക്കടിമയാം നിൻജീവിതം
അർത്ഥ ശൂന്യമാം വാക്കുകൾ പോലെ
മാഞ്ഞുപോകുന്നു സുന്ദരമാം ജീവിതം
കിഴക്കൻ ചക്രവാളത്തിൻ ഉദിച്ചുയരുന്ന
സൂര്യന്റെ രശ്മികൾ പോൽ സുന്ദരമാം
നിൻ കുടുംബത്തിൻ കണ്ണുനീർ
ഇന്നീ ഭൂമിയിൽ പുഴപോൽ ഒഴുക്കുകയായി
എരിയുന്ന തീനാളത്തിൽ സ്വയം
എരിഞ്ഞടങ്ങുന്ന ഈയാംപാറ്റയെപോൽ
ലഹരിയുടെ മാസ്മര വലയങ്ങളിൽ കുടുങ്ങി
വിധിയെന്ന രണ്ടക്ഷരത്തെ പഴിക്കുന്നു നാം
ദൈവത്തിൻ ദാനമാണീ ജീവിതം
ലഹരിയുടെ നീരാളി പിടിയിൽ അമരാതെ നല്ലൊരു നാളെ പടുത്തുയർത്തുവാൻ ഒന്നിച്ചു നീങ്ങാം സോദരേ...



അലീനജോൺസൺ, സെക്രട്ട് ഹാർട്ട് എച്ച്എസ്എസ് അങ്ങാടിക്കടവ്




Hriduragh P
Cherakkara HSS



# കൊലപാതകി

മിഥുന പി.വി
ജിഎച്ച്എസ്എസ് ചെറുകുന്ന്

ഇരുളിലാഴ്ന്നിടും എൻ ജീവിതനൗകയിൽ കഴുകനായി
വന്നയീ കരങ്ങളെ ഞാനെന്തേ അറിഞ്ഞില്ലാ...?
എരിയുന്ന തീയിൽ നിന്നും പടരുന്ന തീക്കനൽ പോലെ
എൻ ജീവൻ ആളിക്കത്തിടുമ്പോൾ തുണയായി
ഞാൻ കണ്ടതീ കരിനാഗങ്ങളാണോ!
എന്റെ ഞാനല്ലാതാക്കിയ യീ കരങ്ങളെ ഇന്നീ-
ശവശൈയ്യയിൽ ടെന്നീടുമ്പോൾ ഞാനറിഞ്ഞിടുന്നൂ..
ഞാനെൻ നിഴലായി സ്നേഹിച്ച നീ തന്നെ എന്റെ
മരണക്കിടപ്പറ പണിതുല്ലസിച്ചീടുന്നൂ...
നിന്നിലേക്ക് ഞാനലിഞ്ഞിടുമ്പോൾ ഞാൻ-
ആളിക്കെടുത്തിയ എൻ ജീവിതത്തെത്തേടി
യെന്നാത്മാവിതാ അലഞ്ഞിടുന്നൂ.
നിന്നെ സ്നേഹിച്ചിടുന്തോറും തേങ്ങുമാ-
ഹൃത്തിന്റെ നൊമ്പരം എൻ കാതിൽ തുളഞ്ഞീടുന്നു
നിന്നിൽ മറഞ്ഞീടും കരിനിഴൽ ഞാനറിയുന്നു...
സ്വന്തം ചോരയെ അറുത്തുമുറിച്ചാകുഞ്ഞിനെ
ചിന്തിയ കൈകൾ ശപിക്കപ്പെട്ടിരിക്കുന്നു.
എന്റെ സ്നേഹിച്ചിടുന്നൊരായിരം കൈകളെ
ഞാനെന്റെ നീചമാം മോഹത്തിനായി വിലപേശിയല്ലോ...
ഇരുൾ നിറയുമാതോണിയിൽ ഇന്നെന്റെ കണ്ണീർ-
മാത്രം ബാക്കിയായി ആരെയോ തേടുന്നൂ
തീവ്രമാം ആ കണ്ണുനീരിൽ അലിഞ്ഞീടുന്നൂ
തിരമാലതൻ നൊമ്പരം കാറ്റിന്റെ മർമ്മരം
എങ്കിലും ആരോ ആ കണ്ണീരിനോട് മന്ത്രിക്കുന്നു
നിരർത്ഥമാം ഈ കണ്ണിരുമീ മണ്ണിൻ ശാപം
ഇന്ന് ഞാൻ ഏകനാണ്; എന്നാത്മാവ് പോലും
എന്റെ വിട്ടിതാ അകന്നിടുന്നൂ...
എന്റെ ഹൃത്തിൽ എരിയും കനലായി വന്ന ഈ ഭ്രാന്തിനെ
ഈ പുകയെ; ഈ വിഷത്തെ ഞാൻ വെറുക്കുന്നു;
ഒപ്പം നിൻ വിഷത്തിന് സാക്ഷിയായ എന്നെയും
എന്റെ ഭ്രാന്തമായ ഓർമ്മകളെ, എന്റെ ജീവനെ
എല്ലാര ഞാൻ വെറുത്തീടുന്നൂ.
ഓർക്കുക, ഈ കനലുകളെ നെഞ്ചേറ്റുന്നവർ ഓർക്കുക
മരണത്തിലേക്കുള്ള നിങ്ങളുടെ വഴികൾ ഇതാ
തുറക്കപ്പെട്ടിരിക്കയാണ്
ആ കൊടുംവാതിൽ അണയ്ക്കാൻ നിങ്ങളാ-
ദ്യമീ കനലിനെഅണയ്ക്കുക.

# ദൈവത്തിന്റെ കരസ്പർശം

സാനിക അണിയേരി
പാട്യം എച്ച്എസ്എസ്

> സ്നേഹം മാത്രം കൊടുത്താൻ തിരിച്ച് അതു മാത്രമേ ലഭിക്കു എന്ന് വിശ്വസിച്ച അപ്പുവിന്റെ 'മാതൃകാ' മാതാപിതാക്കളാണോ തെറ്റ്? അതോ അവനെപ്പോലെ അനേകം കുട്ടികളെ കണ്ടില്ലെന്ന് നടിക്കുന്ന സമൂഹമാണോ തെറ്റ്? ആർക്കറിയാം. എന്തായാലും അപ്പുവിന്റെ ലഹരിയാത്ര മനുഷ്യത്വത്തിൽ നിന്നും മൃഗത്വത്തിലേക്കായിരുന്നു.



തനിക്ക് വിധിക്കപ്പെട്ട സെല്ലിലേക്ക് കയറുമ്പോൾ അവന്റെ ദേഹം മുഴുവൻ മുറിവുകൾ കൊണ്ട് പഴുത്തിരുന്നു. മുഴുത്ത കാലുകൾ ഏന്തിവലിച്ചാണ് നടക്കുന്നത്. കയറിവന്നപ്പോൾ തന്നെ സഹതടവുകാരുടെ കൈ യ്യിൽ നിന്നും കിട്ടി, 'നടയടി'. ആ ചടങ്ങുകൂടി കഴിഞ്ഞപ്പോൾ അവൻ ഒന്നു നിൽക്കാനുള്ള ശേഷി പോലുമില്ലാതെ അവശനായി. മുറിവുകൾ ഏൽപ്പിച്ച വേദനയിൽ നിന്നും ഒരു നീണ്ട മയക്കത്തിലേക്ക് അവൻ വഴുതി വീണു. തലയ്ക്കുമീതെയുള്ള ബൾബിന്റെ പ്രകാശം കണ്ണുകളിൽ ഇരച്ചുകയറിയാണ് അവൻ എഴുന്നേറ്റത്. രാത്രിയായിരിക്കുന്നു. അതായത് താൻ മണിക്കൂറുകളോളം മയക്കത്തിലായിരുന്നു. സഹതടവുകാർ അവനെ ശ്രദ്ധിച്ചില്ല. അല്ലെങ്കിൽ കണ്ടതായി നടിച്ചില്ല. അവൻ എഴുന്നേൽക്കാൻ ശ്രമിച്ചു. കഴിയുന്നില്ല. അസഹ്യമായ വേദനകൊണ്ട് അവനറിയാതെ പറഞ്ഞു. 'അമ്മേ' ഠപ്പോ കൂട്ടത്തിൽ സീനിയറായ കുഞ്ഞിക്കണ്ണന്റെ ചവിട്ട്. 'അമ്മയെ കൊന്നിട്ട് അമ്മേയെന്ന് വിളിക്കുന്നോടാ പന്നീ' കുഞ്ഞിക്കണ്ണൻ ആക്രോശിച്ചു. സെൽ നിശബ്ദം. അവൻ കുഞ്ഞിക്കണ്ണനെ നോക്കിയില്ല. ഏന്തിവലിഞ്ഞ് സെല്ലിന്റെ അടുത്തെത്തി. കണ്ണുകൾ വീദൂരതയിലേക്ക്.

അപ്പു അവന്റെ പേര്. അമ്മയും അച്ഛനും അടങ്ങുന്ന കൊച്ചുകുടുംബം. ഏകമകനായ അപ്പൂട്ടനെ അവർ ആവശ്യത്തിലധികം ലാളിച്ചു. ശാസിച്ചില്ല. ഒന്നിനും ശിക്ഷിച്ചുമില്ല. അവൻ വളർന്നു. അവന്റെ തോന്ന്യാസങ്ങളും വളർന്നു. മദ്യം മയക്കുമരുന്ന്, അടിപിടി അങ്ങനെ ചെയ്യാൻ പാടില്ലാത്തതെല്ലാം ചെയ്തുവന്നു. അങ്ങനെ അവൻ നാടിന്റെ 'റൗഡി ബേബിയായി' സ്നേഹം മാത്രം കൊടുത്താൻ തിരിച്ച് അതു മാത്രമേ ലഭിക്കൂ. എന്ന് വിശ്വസിച്ച അപ്പുവിന്റെ 'മാതൃകാ' മാതാപിതാക്കളാണോ തെറ്റ്? അതോ അവനെപ്പോലെ അനേകം കുട്ടികളെ കണ്ടില്ലെന്ന് നടിക്കുന്ന സമൂഹമാണോ തെറ്റ്? ആർക്കറിയാം. എന്തായാലും അപ്പുവിന്റെ ലഹരിയാത്ര മനുഷ്യത്വത്തിൽ നിന്നും മൃഗത്വത്തിലേക്കായിരുന്നു. ആ ദിവസം എന്നത്തേയും പോലെ അമ്മ അപ്പുവിനെ കാത്തുനിന്നു. ഏറെ വൈകി എത്തിയ അവനെ അമ്മ ശാസിച്ചു. ആദ്യമായി എന്തിനാണാവോ അവർക്ക് ശാസിക്കാൻ തോന്നിയത്. അങ്ങ് അംബര സിംഹാസനത്തിലിരിക്കുന്ന പടച്ചോന്റെ കളി അങ്ങനെയാണ്. എല്ലാം വൈകി മാത്രം അതും അനവസരത്തിൽ. ശാസനകളൊന്നും കെട്ടില്ല എന്ന മട്ടിൽ അവന കത്ത് കയറി. എന്നിട്ട് അമ്മയെ സൂക്ഷിച്ചുനോക്കി. പുതിയ ഒരു തരം ജീവിയെ കണ്ട അത്ഭുതമായിരുന്നു കണ്ണുകളിൽ. അവനാ ജീവിയിൽ നിന്നും കണ്ണെടുത്തു. എന്നിട്ട് മേശയിൽ ഇരുന്ന ടോർച്ചെടുത്ത് തലയിൽ ആഞ്ഞൊരടി. ആ ജീവി നിലം പതിച്ചു. തലയിൽ നിന്നും വന്ന ചോരയെ തറ വറ്റിച്ചെടുത്തു. രണ്ടുവട്ടം കൈകാലിട്ടടിച്ചു. കഴിഞ്ഞു. 'ജീവി ചത്തു' ആളില്ലാത്ത സമയത്ത് വീട്ടിൽ കയറുന്നോ അപ്പു ദേഷ്യപ്പെട്ടു. പിന്നീട് കൈയ്യിൽ നിന്നും പാതിവലിച്ച കഞ്ചാവ് ചുരുൾ വീണ്ടും പുകച്ചു. വീണ്ടും മായിക വലയത്തിൽ. ഭൂമിയിലെ കൺകണ്ട ദൈവം. ഏത് രണ്ടക്ഷരം കേട്ടാണോ സകല വേദനകളും മായുന്നന്. ഏത് മടിയിലാണോ നമ്മൾ ഏറ്റവും സുരക്ഷിതരാവുന്നത്. ആ രണ്ടക്ഷരം 'അമ്മ' ആ വികാരം അവൻ വലിച്ചുവിട്ട പുകയുടെ രാക്ഷസദഹനത്തിൽ മൃതിയടഞ്ഞു.

പ്രഭാതസൂര്യന്റെ കിരണങ്ങൾ അവനെ ഉണർത്തി. പാതിമയക്കിത്തിലായ കണ്ണുകൾ പുറത്തേക്ക് നോക്കി. എങ്ങും ചുവപ്പ്. മരങ്ങൾ, ചെടികൾ പൂന്തോട്ടം പാചകപ്പുരയിൽ നിന്നും ഉയരുന്ന പുക അവൻ നോക്കി നിന്നു. എന്തോ ഓർത്ത് നെടുവീർപ്പിട്ടു. അവരുടെ ബ്ലോക്കിനും മറ്റൊരു ബ്ലോക്കിനും നടുവിലായി ഒരു മാവ് നിന്നിരുന്നു. അതവൻ ശ്രദ്ധിച്ചു. അതിന്റെ കൊമ്പിൽ ഒരമ്മകിളിയും കുഞ്ഞുങ്ങളുടെയും കൂട്. അമ്മക്കിളി എവിടെനിന്നോ പറന്നുവന്നു. കൊക്കിൽ ഭക്ഷണമുണ്ട്. അതവൾ സ്നേഹത്തോടെ തന്റെ കുഞ്ഞുങ്ങൾക്ക് പകർന്ന് നൽകി. അപ്പുവിന്റെ കണ്ണുകൾ നിറഞ്ഞൊഴുകി. തൊണ്ടയിൽ നിന്നും പുറപ്പെടുവിക്കാൻ ഒരുമ്പിട്ട രണ്ടക്ഷരം ഭയം കൊണ്ട് അവൻ ഉള്ളിലൊതുക്കി. ലഹരിയുടെ മായികവലയത്തിലകപ്പെട്ട അവൻ കാണുകയായിരുന്നു. തിരിച്ചറിയുകയായിരുന്നു. അമ്മയെ, പ്രകൃതി എത്രയേറെ ശ്രദ്ധയോടെയാണ് അമ്മയെ സൃഷ്ടിച്ചിരിക്കുന്നത്. ആ അനന്തമായ സ്നേഹത്തിന് മുന്നിൽ ആ ദൈവകരസ്പർശത്തിന് മുന്നിൽ ഒരു നിമിഷം അവൻ നിശ്ചലനായി നിന്നു മിഴിനീർപ്പൂക്കളോടെ മാപ്പർഹിക്കാത്ത കുറ്റത്തിന്റെ പ്രായശ്ചിത്തം പോലെ തീർച്ചയായും അവന്റെ അമ്മ അവനോട് ക്ഷമിച്ചിരിക്കും. കാരണം അമ്മമാർക്ക് എന്നും ക്ഷമിക്കാനേഅറിയൂ...

# അമ്മയെന്ന ലഹരി



ജിഎച്ച്എസ്എസ്, ചിരക്കര

ഇളംകാറ്റ് അയാളുടെ മുടിയിഴകൾക്കിടയിലൂടെ മന്ദമായി തഴുകി. തന്റെ ആ പാവം അമ്മ തലയിലൂടെ കൈവിരലുകൾ ചലിപ്പിക്കുന്ന ആ മാതൃത്വം അവന് ഒരിക്കൽ ക്കൂടി ലഭിക്കുന്നതുപോലെയായിരുന്നു അത്. ചാരുകസേരയിൽ നിന്ന് ഒരു വേദനയോടെ അവൻ എഴുന്നേറ്റു. ജീവിത്തിന് പിറകോട്ടുപോകാൻ പറ്റിയിരുന്നെങ്കിൽ, തെല്ലൊരു വേദനയോടെ അവൻ ആ അമ്മയുടെ കുഴിമാടത്തിലേക്ക് നോക്കി. ദുഃഖത്തോടെയല്ലാതെ അയാൾക്ക് തന്റെ പൂർവ്വകാലം ചിന്തിക്കാൻ സാധിക്കില്ലായിരുന്നു. എങ്കിലും അയാൾ തന്റെ കഴിഞ്ഞുപോയ പൂർവ്വകാലം ഒരിക്കൽകൂടി ആലോചിക്കുകയായിരുന്നു.

അച്ഛൻ ഇല്ലാതിരുന്നിട്ടും ഒരു കുറവും ഇല്ലാതെ അമ്മ എന്നെ വളർത്തി അധികം ലാളിച്ചാൽ വഴിതെറ്റി പോകുമോ എന്ന് കരുതി അൽപം ചിട്ടയോടുകൂടി തന്നെയായിരുന്നു അമ്മ നോക്കിയിരുന്നത്. എന്റെ സന്തോഷമായിരുന്നു അമ്മയുടെയും. പിന്നീട ഉപരിപഠനത്തിന് വേണ്ടി ഹോസ്റ്റൽ ജീവിതത്തിലായിരുന്നപ്പോഴും മുടങ്ങാതെ ലഭിക്കുമായിരുന്നു അമ്മയുടെ കത്ത്. വാക്കുകൾ വളരെ കുറവാണെങ്കിലും സ്നേഹവും ഉപദേശവും ഒപ്പം ശാസനയും ഉള്ള ചെറിയ കത്ത്. ആദ്യമൊക്കെ ഞാനും മറുപടിയെഴുതും സുഖമാണ്, എനിക്കിവിടെ നല്ല കൂട്ടുക്കാരുണ്ട്, അങ്ങനെ പലതും ഉണ്ടായിരുന്നു. എന്റെ മറുപടി കത്തിൽ. പിന്നീട് ഞാൻ എഴുതാതെയായി. അമ്മ പരിഭവം പറഞ്ഞില്ല. നാട്ടിൻപുറത്തിന്റെ നിഷ്കളങ്കതയിൽ വിശ്വസിച്ചുപോയ ചിരിച്ചമുഖവും ഉള്ളിൽ രാക്ഷസ സ്വഭാവമുള്ള എന്റെ കൂട്ടുകാർ പറയുന്നതായി പിന്നെ എന്തും. അമ്മയെ തള്ളിപറയാനും തള്ളിക്കളയാനും എനിക്കധികം സമയം വേണ്ടിവന്നില്ല. ഒരു വിനോദത്തിന് വേണ്ടി ഉപയോഗിച്ചതായിരുന്നു മയക്കുമരുന്ന്. ഇന്നതില്ലാതെ ജീവിക്കാൻ സാധിക്കില്ലെന്നായി. ഒരു വേനലവധിയിൽ നാട്ടിലെത്തിയ എനിക്ക് ശ്വാസം മുട്ടുന്നതുപോലെ തോന്നി. കാരണം മയക്കുമരുന്നിനെക്കാൾ വലിയ ലഹരിയായിരുന്ന അമ്മ അടുത്തുണ്ടായിട്ടും ഞാൻ കാണാതെ പോയി. അടുത്തു വരുന്ന അമ്മയെ ഞാൻ ആട്ടിയകറ്റി. നിറഞ്ഞ കണ്ണുകളോടെ അമ്മ എന്റെ മുറിയിൽ നിന്നും ഇറങ്ങിപ്പോയി. എനിക്കിഷ്ടമുള്ള പലതും എനിക്ക് തന്നു. അതൊന്നും എനിക്ക് വേണ്ടായിരുന്നു. ഇപ്പോൾ എന്റെ മനസ്സിൽ രുചിയുള്ള ഒന്നേ ഉണ്ടായിരുന്നുള്ളൂ. കൂട്ടുകാർ തന്ന മയക്ക് മരുന്ന്.

ഒരു ദിവസം ഞാനില്ലാത്ത നേരത്ത് അമ്മ വന്ന് എന്റെ മുറി പരിശോധിച്ചു. അലമാരയിൽ അടുക്കിവെച്ച വസ്ത്രങ്ങൾക്കിടയിൽ നിന്ന് അമ്മ കണ്ടെടുത്തു സിറിഞ്ചും ഒരു ചെറിയ കുപ്പിയിൽ മയക്ക് മരുന്നും. വേദനയോടെ നെഞ്ചുപൊട്ടിക്കൊണ്ട് അമ്മ പുറത്തേക്കിറങ്ങി. എന്നാൽ ആ ചെറിയ കുപ്പിക്ക് വേണ്ടി മൃഗത്തേക്കാളും ക്രൂരമായി അമ്മയോട് പെരുമാറി. കുറേ പറഞ്ഞു നോക്കി 'അമ്മേ അതിങ്ങു തരാനാ പറഞ്ഞത്.' അമ്മ തന്നില്ല എന്റെ വാക്കുകൾക്ക് മൂർച്ചയേറി തുടങ്ങി. മൂർച്ചയേറിയ എന്റെ വാക്കുകൾ അമ്മയുടെ നെഞ്ചിൽ തുളച്ചുകയിയപ്പോൾ അവർ പ്രതികരിച്ചു. എനിക്ക് വേണ്ടി പണിയെടുത്ത് തഴമ്പിച്ച അമ്മയുടെ കൈകൾ കൊണ്ട് അമ്മ എന്നെ തല്ലി. മയക്ക് മരുന്നിന്റെ കുപ്പി നിലത്തെറിഞ്ഞ് പൊട്ടിച്ചു എന്റെ അമ്മ. ഒരു മൃഗത്തെപ്പോലെ, അല്ല പിന്നെ ഞാനൊരു മൃഗമായി മാറുകയായിരുന്നു. മുമ്പിൽ നൊന്തു പ്രസവിച്ച അമ്മയാണെന്ന ഒരു വികാരവുമില്ലാതെ തന്നെ ഞാൻ പ്രതികരിച്ചു. മേശപ്പുറത്തുണ്ടായിരുന്ന സ്റ്റീലിന്റെ വലിയ കൂജയെടുത്ത് ഞാൻ അവരുടെ തലയ്ക്കടിച്ചു. തലപ്പൊട്ടി ചോരയൊലിച്ചപ്പോഴാണ് ഞാൻ ബോധവനാകുന്നത്. "അമ്മേ" എന്ന് വിളിക്കാൻ അർഹതയില്ലെങ്കിലും ഞാൻ വിളിച്ചു "അമ്മേ"... ഉടനെ ആശുപത്രിയിൽ എത്തിച്ചതിനാൽ തിരിച്ചുകിട്ടി എനിക്കെന്റെ അമ്മയെ. മരിച്ചിട്ടില്ലെന്നുമാത്രം. ഞാൻ കാരണം എന്റെ അമ്മ കിടപ്പിലായി. പിന്നീടങ്ങോട്ട് അമ്മയ്ക്ക് തണലായി ഞാൻ മാത്രം. ലഹരിയിൽ നിന്ന് മുക്തനായെങ്കിലും അമ്മ പിന്നീട് ജീവിതത്തിൽ ഉണ്ടായിരുന്നില്ല. ഞാൻ ലഹരി ഉപയോഗിച്ചില്ല. അമ്മയുടെ ജീവൻ നൽകി എന്നെ അമ്മ മോചിപ്പിച്ചു. ശകുന്തളയെപ്പോലെ അമ്മ സ്നേഹിച്ച സസ്യങ്ങളെ ഞാൻ സംരക്ഷിച്ചു. ഇന്നും ഇവിടെ തനിച്ചിരിക്കാൻ എനിക്കിഷ്ടമാണ്. അമ്മ എന്റെ അടുത്തിരിക്കുന്നതുപോലെ. അ മ്മയുടെ സാമിപ്യം അവിടെ എന്നും ഉണ്ടെന്നും ഞാൻ വിശ്വസിക്കുന്നു. അമ്മയുടെ മരണവാർത്ത കേൾക്കുന്നതും ഞാൻ ഇവിടെ വെച്ചാണ്.

പ്രകൃതിയുടെ നടുവിൽ അയാൾ നി ശ്ചലനായി. ജീവിതമെന്താണെന്ന് അയാൾ തിരിച്ചറിയുകയായിരുന്നു. തന്റെ അമ്മയിലൂടെ, അമ്മ സമ്മാനിച്ച പുനർജന്മത്തിലൂടെ...



# പുക ചുരുളി

ഡോ.നീതു എ.പി.
HOD, കമ്മ്യൂണിറ്റി ഓങ്കോളജി,
മലബാർ കാൻസർ സെന്റർ

കമ്മ്യൂണിറ്റി ഓങ്കോളജിയിൽ പ്രവർത്തിക്കുന്ന ഒരു ഡോക്ടർ എന്ന നിലക്ക് അനുഭവങ്ങളാണ് എന്റെ ഊർജ്ജം. നിരവധി വ്യക്തികളുടെ കാഴ്ചപ്പാടുകൾ, ചിന്തകൾ എല്ലാം എന്റെ അനുഭവക്കടലിലേക്കൊഴുകി വന്നു കൊണ്ടെയിരിക്കുന്നു. പുകയില വർജ്ജന ക്ലിനിക്ക് എല്ലാ ബുധനാഴ്ചയും ഞങ്ങളുടെ ഡിപ്പാർട്ടുമെന്റിൽ സജീവമായി പ്രവർത്തിച്ചുവരുന്നു. കഴിഞ്ഞ ആഴ്ച ക്ലിനിക്കിൽ വന്ന ഒരു വ്യക്തി മനസ്സിൽ തങ്ങിനിൽക്കുന്നു. അദ്ദേഹത്തെ ക്ലിനിക്കിലേക്ക് കൊണ്ടുവന്നത് ഞങ്ങളുടെ ആശുപത്രിയിലെ ക്ലിനിക്കൽ സൈക്കോളജിസ്റ്റ് ആയിരുന്നു. സാധാരണ ആളുകൾ തനിയെ വരാറാണ് പതിവ്. ഞാൻ ചോദിച്ചു 'എന്താണ് നിങ്ങൾ തന്നെ ഇവരെ അനുഗമിച്ചത്' 'വെറുതെ', എനിക്ക് ലൈബ്രറി വരെ വരാനുണ്ടായിരുന്നു. ഡിപ്പാർട്ട്മെന്റ് അതിനടുത്തായതുകൊണ്ട് ഞാൻതന്നെകൊണ്ടുവന്നതാണ് ആ വ്യക്തിക്ക് തൊണ്ടയിൽ അർബുദമായിരുന്നു. നല്ല പുകവലി കൊടുത്ത സമ്മാനം. സംഭവം നിർത്താൻ വേണ്ടി ഒ.പിയിൽ നിന്ന് റഫർ ചെയ്തതായിരുന്നു.

ഡോ.ഫിൻസ് അവരെ സ്വാഗതം ചെയ്തു. 'പേരെന്താണ്'? 'രാഘവൻ'. ശബ്ദത്തിന് ചിലമ്പിക്കൽ ഉണ്ടായിരുന്നു. എന്തിനാണ് എംസിസി യിൽ വന്നത്.? 'തൊണ്ട വേദനയാണ്.' 'പുകവലിക്കാറുണ്ടോ?' ഡോക്ടർ തുടർന്നു.

'അത് മാത്രമേ ഉള്ളൂ' ഇത്തവണ ഉത്തരം പറഞ്ഞത് മകൻ. അപ്പോഴാണ് ഞാൻ ശ്രദ്ധിച്ചത്. എല്ലാ ഉത്തരങ്ങളും രാഘവൻ നൽകുന്നത് നിന്നുകൊണ്ടാണ്. 'അച്ഛൻ ഇരിക്കൂ' ഞാൻ പറഞ്ഞു. 'ഇല്ല'. ഞാനിരിക്കില്ല. എനിക്ക് ഇരിക്കുകയും വേണ്ട.' ഇത്തവണ ചിലമ്പിച്ച ഒച്ചയ്ക്കൊരു ഗാംഭീര്യവും വാശിയും.

'അച്ഛൻ ഇരിക്കൂ. അച്ഛനെ ഇവിടെക്ക് വിട്ടിരിക്കുന്നത് പുകവലി നിർത്താനുള്ള ചികിത്സക്കല്ലേ? അതിന് ഇരുന്ന് വിശദമായി നമുക്ക് കാര്യങ്ങൾ ചോദിച്ചറിയാനുണ്ട്..' 'വേണ്ട എനിക്ക് തൊണ്ടക്ക് അർബുദമാണ്. പുകവലിയൊന്നും ഇനി നിർത്തണ്ട. അങ്ങ് ചത്ത് കളഞ്ഞാൽ പോരെ? അപ്പോൾ എല്ലാം മാറുമല്ലോ.' രാഘവന്റെ മെഡിക്കൽ റിപ്പോർട്ടിലൂടെ കണ്ണോടിച്ചപ്പോൾ അർബുദത്തിന്റെ തുടക്കം മാത്രമേ ഉള്ളൂ എന്ന് മനസ്സിലാക്കാൻ സാധിച്ചു. പുകവലി നിർത്തുകയും, ചെറിയ ചികിത്സകൊണ്ടും പരിപൂർണ്ണമായും ഭേദമാക്കാവുന്ന അവസ്ഥ. അത് എനിക്ക് മനസ്സിലായി. എന്നാൽ, ഞാനും, ഡോ. ഫിൻസും സന്തോഷും പഠിച്ച പണി പതിനെട്ടും നോക്കിയിട്ടും രാഘവനെ മനസ്സിലാക്കിക്കാൻ കഴിഞ്ഞില്ല. രാഘവൻ ക്ലിനിക്കിന് പുറത്തേക്ക് ഒറ്റപോക്കാണ്. എന്നിട്ട് വാതിലിന് പുറത്ത് മകനെയും കാത്ത് നിലയുറപ്പിച്ചു. ഞങ്ങൾ മകനെ കാര്യങ്ങൾ പറഞ്ഞ് മനസ്സിലാക്കി. രാഘവൻ കർക്കശക്കാരനാണ്. മകൻ പറഞ്ഞാലൊന്നും അനുസരിക്കാറില്ല. കഴിവാൽ ശ്രമിക്കാമെന്നായി മകൻ.

ക്ലിനിക്കൽ സൈക്കോളജിസ്റ്റ് തന്നെ രാഘവനെ അനുഗമിച്ചതിനുള്ള ഉത്തരം കിട്ടി. പാതിവഴിയിൽ ആൾ കൈവിട്ടുപോകാതെ ശരിയായ വഴി കാണിച്ചു കൊടുക്കാനായിരുന്നു അത്. രാഘവൻ ഞങ്ങളെ പരാജയത്തിന്റെ കായ്പ്പ് അറിയിച്ച് പിന്നീട് വന്നില്ല. ചിലപ്പോഴൊക്കെ ജീവിതം അങ്ങനെയാണ്. നമ്മൾ വിചാരിക്കുന്ന വഴിയേ ഒന്നും നടക്കില്ല. ചിലരൊക്കെ നമ്മെ പരാജയപ്പെടുത്തും. . രാഘവൻ.... പുകപോലെ വന്നു... പുകമറയിലേക്ക് പോയി.

തുടക്കത്തിൽ തന്നെ നിർണ്ണയിച്ച അർബുദരോഗമായിരുന്നു രാഘവന്റേത്. ശബ്ദവ്യതിയാനം അയാളെ പരിഭ്രാന്തനാക്കി. ശീലങ്ങൾ നിർത്തി, ചെറിയ ചികിത്സയിലൂടെ സമ്പൂർണ്ണ രോഗശമനം നേടാമായിരുന്നു രാഘവന്., ശരിയായ അവബോധം നേടിയിട്ടും, ശരിയായ ചികിത്സ സ്ഥലത്തെത്തിയിട്ടും കാര്യങ്ങൾ മനസ്സിലാക്കാൻ രാഘവന് കഴിഞ്ഞില്ല. പുകയിലയുടെ ദൂഷ്യഫലങ്ങൾ വലുതാണ്. നമ്മുടെ ജീവൻ തന്നെയാണ് പകരമായി അത് ചോദിക്കുന്നത്. തിരിച്ച് പോകുമ്പോൾ മകൻ പറഞ്ഞു. 'ഡോക്ടറെ' ഇവിടെ നിന്നും അച്ഛൻ ഇറങ്ങിപ്പോകുകയല്ലേ ചെയ്തുള്ളൂ. ആദ്യം പോയ ആശുപത്രിയിലെ ഡോക്ടർ പുകവലി നിർത്താൻ പറഞ്ഞതിന് അവരെ അടിക്കാൻ പോയി. നിങ്ങൾ രക്ഷപ്പെട്ടു!! സത്യം, ഞങ്ങൾ രക്ഷപ്പെട്ടു. പക്ഷേ രാഘവൻ... വിചാരിച്ചാൽ രക്ഷപ്പെടാമായിരുന്നു.

# വെറുതെയൊരു ഹരണം....




ശ്രീലക്ഷ്മി ആർ.കെ.
ജിഎച്ച്എസ്എസ്., ശ്രീകണ്ഠാപുരം

ഓളങ്ങൾച്ചിക്കിച്ചികഞ്ഞ് ഓർമ്മയുടെ
സാമീപ്യമിന്നെന്റെ കരച്ചൂണ്ട കൊതിക്കുമ്പോൾ,
ഒന്നുമാത്രം....
ഇവിടെയാരും ആത്മാവുകൊണ്ടൊന്നും ചുരണ്ടരുത്
ഇടനാഴിയിലെന്നോ മറന്നുവെച്ച മനസ്
പെറ്റുകൂട്ടിയ ചാപിള്ളകളെ, നിങ്ങളാണ് സാക്ഷികൾ
ജീവിതത്തിന്റെ കോന്തലത്തുമ്പിൽ
പറ്റിപ്പിടിച്ച വിയർപ്പുഗന്ധത്തിന്
ചോരനിറമേകിയ സാക്ഷികൾ
കാലത്തിന്റെ കറുത്തതാടിക്കു തീവച്ചിരിക്കുന്നു.
താടിരോമങ്ങൾ ഓടിയോടി പുറത്തുചാടി
സ്വയം പുകച്ചുരുളായി മറഞ്ഞപ്പോൾ
ജനിമൃത്യുവിന്നിടയിലെ നൂൽപ്പാലം
വലിച്ചുകെട്ടാൻ കൂട്ടുനിന്ന സാക്ഷികൾ
അഗ്നിക്കനവുകൾ പടിയിറക്കിവിട്ട ലഹരിനുര,
സിറിഞ്ചിന്റെ നെഞ്ചിലൂടെ...
സിരയിൽ കുത്തിയിറക്കിയ നോവുകൾ
കണക്കുതന്നുകൊണ്ടേയിരിക്കുന്നു...

മുലപ്പാലിറ്റിച്ച നാവിന്റെ,
അമ്മമണമുള്ള കവിതവിതച്ച നാവിന്റെ
പരപ്പളവ് കുറയാനിടയാക്കിയ കണക്കുകൾ.
നേരമ്പോക്കിന്റെ വെള്ളിമീൻ ചാട്ടത്തിൽ
എന്റെ തലമുടിനാര് നടുവൊടിഞ്ഞനാൾ മുതൽ
തുടങ്ങിയതാണ് ഹരണഫലം തെറ്റാൻ
തലച്ചോറിലേക്ക് തുളച്ച ചില്ലുക്കുപ്പി
ഇറ്റിറ്റുവീഴ്ത്തിയ നീർത്തുള്ളികൾ
മുലഞെട്ടറുത്ത്, സിരയിൽ ആസിഡുറ്റിച്ചവർ
ശിഷ്ടമായി ബാക്കിയിരിക്കവെ,
എങ്ങനെയുത്തരം കിട്ടാൻ
ജീവിതമിന്നും ഹരിച്ചുകൊണ്ടേയിരിക്കുന്നു....
ബീഡിപ്പുകയിറക്കിവിട്ട വാക്കുകൾ
കുത്തിനോവിച്ച കരൾ
ഒന്നിനും വഴങ്ങാതെ,
കനലായി നീറി ശിഷ്ടമായി മാറിയതറിയാതെ...
വെറുതെയൊരു ഹരണം

# വെളിച്ചവും ദുഃഖമല്ലുണ്ണി

## തമസ്സിൽ നിന്നും ജീവിതത്തിലേക്കുള്ള ലഹരിയാണ്.


അരുണിമ സി.,
സെന്റ് ജോസഫ്സ്
എച്ച്.എസ്.എസ്. തലശ്ശേരി

'വെളിച്ചം ദുഃഖമാണുണ്ണീ, തമസ്സല്ലോ സുഖപ്രദം' മുന്നിൽ ആകാശത്തു നിന്നിടർന്നുവീണ പൂവുപോലെ താണു കൊണ്ടിരിക്കുന്ന സൂര്യനെ നോക്കി അയാൾ കടൽത്തീരത്തെ മണലിൽ ഒരു കൈയ്യൂന്നിക്കൊണ്ട് പിറകിലുള്ള കല്ലിനോട് ചേർന്നിരുന്നുകൊണ്ടുരുവിട്ടു. ഓരോ തിരമാലയും മണലിലുള്ള പാടുകൾ മായ്ച്ച് കൊണ്ട് നീങ്ങുമ്പോൾ തന്റെ പോയ കാല സ്മരണകളുടെ അഴുക്കു നിറഞ്ഞ അടയാളമാണ് മാഞ്ഞുപോവുന്നതെന്ന് അയാൾക്ക് തോന്നി. വർഷങ്ങൾ നീണ്ടുനിന്ന ഭ്രാന്തമായ ജീവിതത്തിന്റെ പറിച്ചുകളഞ്ഞ ഓരോ ഏടുകളും മണൽക്കാറ്റേറ്റുകൊണ്ട് അയാൾ ഒന്നുകൂടി ഓർത്തു നോക്കി. ഓർക്കുവാനിഷ്ടപ്പെടാത്ത ഓരോ നിമിഷവും വീണ്ടും വീണ്ടും ഒരു നാടകമെന്നപോലെ മനസ്സിൽ കൊണ്ടുവരുമ്പോൾ ശരീരമാകെ ആരോ മുള്ളുകൊണ്ട് കുത്തി നോവിക്കുന്നത് പോലൊരു സുഖം അയാൾക്കനുഭവപ്പെട്ടു. മുന്നിലിരിക്കുന്ന ഓരോ വിദ്യാർത്ഥിക്കും മലയാളത്തിന്റെ മുലപ്പാൽ മധുരം പകർന്നു നൽകിയ നാവ് പിന്നിടെപ്പോഴോ മദ്യത്തിന്റെയും സിഗരറ്റിന്റെയും രുചിയറിഞ്ഞു. പന്ത്രണ്ടു വയസ്സ് പോലും തികയാത്ത മകനെ മദ്യക്കുപ്പി തകർത്തതിന്റെ പേരിൽ മുഖത്താഞ്ഞടിച്ചതും, അത് കണ്ട് കരഞ്ഞ് വീർത്ത മുഖവുമായി പിന്നിലെ വാതിലിൽ ചാരിനിന്ന ഭാര്യയേയും അയാൾ ഓർത്തു. ഒടുവിൽ തന്റെ ഉറ്റ സുഹൃത്തിന്റെ മരണവാർത്തയറിഞ്ഞ് ഒന്ന് കരയുവാൻ പോലും തുനിയാതെ അന്നും മദ്യത്തിന്റെ ഭ്രാന്തമായ രുചിക്കുവേണ്ടി കാലുകൾ കുഴയും വരെ ബീവറേജിന് മുന്നിൽ നിന്നതും ഒരു മിന്നായം പോലെ മനസ്സിൽ നിറഞ്ഞു. ചെയ്തികളെല്ലാം അനുഭവിക്കണം എന്ന വാശി വിധിക്കുമുണ്ടായിരിക്കാം. അല്ലാതെ കരളിനെ മദ്യം കാർന്നുതിന്നുന്നുവെന്ന സൂചനതരുവാൻ ഇത്ര വൈകില്ലല്ലോ. രക്തംശർദ്ദിച്ച് ഉടലാകെ മഞ്ഞ നിറമായി അടിതെറ്റി വീണപ്പോൾ ആർത്തുകരയുന്ന ഭാര്യയേയും മകനേയും ശ്രദ്ധിക്കുവാൻ കഴിഞ്ഞില്ല. മറിച്ച് യമദേവൻ കൈയ്യിലൊരു മദ്യകുപ്പിയും ചുണ്ടിൽ ചെറുചിരിയോടെ സിഗരറ്റ് പുകയ്ക്കുന്നതുമാണ് കൺമുന്നിൽ തെളിഞ്ഞത്. ഒന്നിച്ചിരുന്നു കൊണ്ട് വെടിപറഞ്ഞ് ആർത്തുചിരിച്ച് മദ്യത്തിനായി മാത്രം ഒത്തുകൂടാറുള്ള സുഹൃത്തുക്കൾ അന്ന് തിരിഞ്ഞുനോക്കിയില്ല. എന്നാൽ താലിച്ചരടിനെ സാക്ഷിയാക്കി തന്റെ ഭാര്യ അഴുക്കുചാലിനേക്കാൾ വൃത്തിഹീനമായ തന്റെ കരളിന് പകരം മറ്റൊന്ന് പകത്തു നൽകി.

അന്നു താൻ മകനെആഞ്ഞടിക്കുന്നതുകൊണ്ട് കരഞ്ഞുവീർത്തമുഖം, ഇന്ന് സൂര്യനേക്കാളേറെ പ്രകാശിച്ചു കൊണ്ട് തന്റെയരികിലുണ്ട്. അന്നത്തെ ദുർഗന്ധംവമിക്കുന്ന മദ്യക്കുപ്പിയേക്കാൾ ലഹരി തന്റെ അരികിലിരുന്ന് കൊണ്ട് പൊട്ടിച്ചിരിക്കുന്ന മകന്റെ സന്തോഷത്തിനാണെന്ന് അയാൾ തിരിച്ചറിഞ്ഞു.

തന്നെ സംബന്ധിച്ചിടത്തോളം വെ ളിച്ചമെന്നത് തന്റെ ഭാര്യയുടേയും മകന്റെയും മുഖത്ത് നിന്നുള്ള പ്രകാശമാണെന്ന് അയാൾ തിരിച്ചറിഞ്ഞു. അൽപം വൈകിയെങ്കിലും ഇപ്പോൾ ആലോചിക്കുമ്പോൾ തോന്നുന്നു പണ്ട് കവി പാടിയത് തെറ്റാണെന്ന്.

വിളിച്ചം ദുഃഖമല്ല. തമസ്സിന്റെ ഭീകരമുദ്രകളിൽ നിന്നും നമ്മെ രക്ഷിക്കുന്ന ദൈവാനുഗ്രഹമാണ്. തമസ്സിനൊരു രൂപമുണ്ടെങ്കിൽ അത് തീർച്ചയായും ഒരു അക്രമിയായ മദ്യപാനിയുടേതായിരിക്കും എന്നയാൾ ഉറപ്പിച്ചു. യഥാർത്ഥ ലഹരി കുടുംബമാണ്. അല്ലെങ്കിൽ നിഷ്കളങ്കമായി ചിരിക്കുന്നു തന്റെ പ്രിയപ്പെട്ട വിദ്യാർത്ഥികളിൽ നിന്ന് ലഭിക്കുന്ന സന്തോഷമാണ്. എല്ലാം ഓർമ്മിക്കുന്നത് നിർത്തിവെച്ച് കൊണ്ട് അയാൾ കണ്ണടച്ചു. എല്ലാത്തിന്റെയും നാഥനായ പ്രകൃതിയിൽ അയാൾ സ്വയം സമർപ്പിച്ചു. അതിന്റെ അടയാളമെന്ന രീതിയിൽ രണ്ട് തുള്ളി കണ്ണീർ പുറത്തുവന്നു. പ്രകൃതിയിൽ അയാൾ നിശ്ചലനായി. ജീവിതം തിരിച്ചറിയുകയായിരുന്നു. വെളിച്ചത്തിന്റെ യഥാർത്ഥത്തിലുള്ള അർത്ഥം പ്രചരിപ്പിക്കുവാൻ സ്വയം ഒരു ഉദാഹരണായി മാറാനുള്ള ഒരുക്കത്തിനായി പൂർവ്വാധികം ശക്തിയോടെ അയാൾ എഴുന്നേറ്റു. തന്റെ ജീവനായി കൊണ്ടു നടക്കുന്ന ബന്ധങ്ങളെ മുറുകെ പിടിച്ചുകൊണ്ട്.




Vismaya Vinod, X Azhikode HSS

## രചനകൾ ക്ഷണിക്കുന്നു

നേതി വാർത്താപത്രികയിലേക്ക് സ്കൂൾ, കോളേജ് വിദ്യാർത്ഥികൾ, അദ്ധ്യാപകർ, സമൂഹത്തിലെ വിവിധ മണ്ഡലങ്ങളിൽ പ്രവർത്തിക്കുന്നവർക്ക് സൃഷ്ടികൾ നൽകാവുന്നതാണ്. ചെറുകഥ, ചെറുകവിത, നുറുങ്ങുകൾ, അനുഭവക്കുറിപ്പുകൾ, കാർട്ടൂണുകൾ, ചിത്രങ്ങൾ തുടങ്ങിയവ അയച്ചു തരാവുന്നതാണ്. രചനകൾ മൗലികമായിരിക്കണം. എല്ലാ സൃഷ്ടികളുടെയും ആശയം വിദ്യാലയങ്ങളിൽ നിന്നും സമൂഹത്തിൽ നിന്നും ഹാൻസ്, പാൻപരാഗ്, ബീഡി, സിഗരറ്റ്, മദ്യം, വെറ്റിലമുറുക്ക് തുടങ്ങിയ അർബുദ കാരണങ്ങളായ ശീലങ്ങളെ അകറ്റുക എന്നതാവണം. പ്രസ്തുത സന്ദേശങ്ങൾ ഉൾക്കൊള്ളാത്ത സൃഷ്ടികൾ പ്രസിദ്ധീകരിക്കുന്നതല്ല.

*സൃഷ്ടികൾ അയക്കേണ്ട വിലാസം
എഡിറ്റർ, നേതി വാർത്താ പത്രിക, കമ്യൂണിറ്റി ഓങ്കോളജി വിഭാഗം
മലബാർ കാൻസർ സെന്റർ, മൂഴിക്കര പി.ഒ. തലശ്ശേരി, കണ്ണൂർ (ജില്ല)
E-mail tccthalassery@gmail.com Phone : 9496048812, 9496048817

*വർഷത്തിൽ മൂന്ന് തവണ പ്രസിദ്ധീകരിക്കുന്ന 'നേതി', കണ്ണൂർ, കാസർഗോഡ്, മാഹി, കോഴിക്കോട്, വയനാട്, പാലക്കാട്, മലപ്പുറം തുടങ്ങിയ സ്ഥലങ്ങളിലെ സ്കൂളുകൾ, ക്ലബ്ബുകൾ, ആരോഗ്യസ്ഥാപനങ്ങൾ മുതലായവയിൽ വിതരണം ചെയ്യപ്പെടുന്ന ആരോഗ്യ പ്രസിദ്ധീകരണമാണ്.

Printed and published by Dr. Satheesan Balasubrahmannian, Director MCC Thalassery. (For Private Circulation only) Printed at Co-op. Press, Thalassery. Copies 5000